വി.എസിന് നൽകിയ പോലെ പിള്ളയ്ക്കും കാബിനറ്റ്: ഹസൻ

തിരുവനന്തപുരം: അട്ടപ്പക്കാരുടെ അഴിമതിയോട് എതിർപ്പില്ലെന്ന സി.പി.എം നയത്തിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ആർ. ബാലകൃഷ്ണപിള്ളയ്ക്ക് എൽ.ഡി.എഫ് സർക്കാർ നൽകിയ കാബിനറ്റ് പദവിയോടുകൂടിയ ചെയർമാൻ സ്ഥാനമെന്ന് കെ.പി.സി.സി അദ്ധ്യക്ഷൻ എം.എം. ഹസൻ പറഞ്ഞു.

യു.ഡി.എഫിലായിരുന്നപ്പോഴാണ് ബാലകൃഷ്ണപിള്ളയെ അഴിമതിക്കേസിൽ വി.എസ്. അച്യുതാനന്ദൻ ജയിലിൽ അടപ്പിച്ചത്. എൽ.ഡി.എഫിൽ ചേർന്നതോടെയാണ് വി.എസിന് നൽകിയതുപോലെ ബാലകൃഷ്ണപിള്ളയ്ക്കും കാബിനറ്റുപദവി നൽകി ആദരിച്ചിരിക്കുന്നത്.

ചിറകരിഞ്ഞു; ടേക്ക് ഓഫ് ചെയ്യാതെ എയർ കേരള

▸പി.എച്ച്.സനൽകുമാർ

KAUMUDI SPECIAL

തിരുവനന്തപുരം: വിമാനയാത്രയുടെ ചെലവ് കുറയ്ക്കുന്നതിനുള്ള കേന്ദ്ര സിവിൽ വ്യോമയാന നയം മാറ്റങ്ങളും കേരളത്തിന്റെ സ്വന്തം വിമാനക്കമ്പനിയായ എയർ കേരളയെ തുണച്ചില്ല. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പദ്ധതി ഉപേക്ഷിച്ചതോടെ തകർന്നത് 25 ലക്ഷം പ്രവാസി മലയാളികളുടെ പ്രതീക്ഷയാണ്.

റംസാനും ഓണവും ഉൾപ്പെടെയുള്ള ആഘോഷക്കാലത്ത് വിമാനക്കമ്പനികൾ നിരക്ക് നാലും അഞ്ചും ഇരട്ടിയാക്കി പ്രവാസികളെ പിഴിയുന്ന ദുരവസ്ഥ പരിഹരിക്കണമെന്ന ചിന്തയിൽ നിന്നാണ് എയർ കേരള എന്ന സ്വപ്നം ചിറക് വിടർത്തിയത്.

പദ്ധതി ഉപേക്ഷിച്ചതോടെ സാധാരണക്കാരായ ലക്ഷക്കണക്കിന് പ്രവാസികളെ സഹായിക്കാനും വ്യോമയാന വിപണിയിൽ കേരളത്തിന് കടന്ന ചെല്ലാനുമുള്ള സാദ്ധ്യതയാണ് ഇല്ലാതായത്.

ഇരുപത് വിമാനങ്ങളും അഞ്ച് വർഷത്തെ ആഭ്യന്തര സർവീസ് പരിചയവും വേണമെന്ന കേന്ദ്ര വ്യവസ്ഥകളാണ് പദ്ധതി ഉപേക്ഷിക്കുന്നതിന് കാരണമായി പറയുന്നത്. എന്നാൽ ബഡ്ജറ്റ് വിമാന സർവീസുകൾക്ക് അനുകൂലമായ പുതിയ കേന്ദ്രനയത്തിന്റെ സാദ്ധ്യതകൾ സർക്കാർ വേണ്ടവിധം പ്രയോജനപ്പെടുത്തിയില്ലെന്ന വിമർശനമാണിപ്പോൾ ഉയരുന്നത്.

അഞ്ച് വർഷത്തെ ആഭ്യന്തര സർവീസ് വ്യവസ്ഥയിൽ ഇളവ് നൽകിയ കേന്ദ്രം, കൂടുതൽ സമ്മർദ്ദം ചെലുത്തിയിരുന്നെങ്കിൽ വിമാനങ്ങളുടെ എണ്ണത്തിലും വിട്ടുവീഴ്ച ചെയ്യുമായിരുന്നുവെന്നാണ് എയർ കേരളയുടെ അണിയറ പ്രവർത്തകർ പറയുന്നത്.

മുൻസർക്കാർ നിയമിച്ച ഡയറക്ടർ ബോർഡ് ഒരു യോഗം പോലും ചേരുകയോ, പുനഃസംഘടിപ്പിക്കുകയോ ചെയ്യാതെയാണ് ഈ സർക്കാർ പദ്ധതി ഉപേക്ഷിക്കുന്നത്. പദ്ധതി നടത്താനാകുമോ എന്ന പഠനവും നടത്തിയില്ല. വ്യവസ്ഥകളിൽ ഇളവ് ചോദിച്ച് സർക്കാർ പുതുതായി അപേക്ഷ നൽകിയതുമില്ല.



എയർ കേരള പദ്ധതി

അഞ്ച് ലക്ഷം പ്രവാസി മലയാളികളിൽ നിന്ന് 20,000 രൂപ വീതം സമാഹരിച്ച് 1000 കോടിയുമായി തുടങ്ങും. സംസ്ഥാന സർക്കാരിന് 26 ശതമാനവും ബാക്കി സ്വകാര്യ പങ്കാളിത്തവുമായിരിക്കും. സർക്കാരിന്റെ വിഹിതത്തിൽ സിയാൽ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ മുഖ്യപങ്ക് വഹിക്കും. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാതിരിക്കാനാണിത്. സ്വകാര്യമേഖലയിൽ കൊച്ചി വിമാനത്താവള നിർമ്മാണം വിജയകരമായി പൂർത്തിയാക്കിയ വി.ജെ. കുര്യനെയാണ് എയർ കേരളയുടെ എം.ഡിയാക്കിയത്.

മുഖ്യമന്ത്രിയും നാല് മന്ത്രിമാരും ഡയറക്ടർമാർ. വ്യവസായ പ്രമുഖരായ യൂസഫലി, സി.വി. ജേക്കബ് എന്നിവരും ഡയറക്ടർ ബോർഡിലുണ്ടായിരുന്നു.

നാൽ വഴി

- 2005 ൽ എയർ കേരള വിഭാവനം ചെയ്തു
- 2006 ൽ ഇടതുമുന്നണി സർക്കാർ പദ്ധതി മരവിപ്പിച്ചു
- 2011 ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായതോടെ പദ്ധതി പുനരുജ്ജീവിപ്പിച്ചു.
- 2013 ൽ വാണിജ്യ സർവീസ് തുടങ്ങുമെന്ന് പ്രഖ്യാപിച്ചു, കേന്ദ്രാനുമതി ലഭിക്കാതായതോടെ മാറ്റിവച്ചു
- 2015 ൽ കേന്ദ്രസർക്കാർ അഞ്ച് വർഷത്തെ വിമാന സർവീസ് പരിചയമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി
- 2017 ൽ പദ്ധതി തത്കാലം നിറുത്തിവയ്ക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ

> “സർക്കാർ നിലപാട് പ്രവാസികളുടെ പ്രതീക്ഷകൾക്കേറ്റ തിരിച്ചടിയാണ്. എയർ കേരളയ്ക്ക് ധനസഹായം നൽകാൻ പ്രവാസികൾ ഒരുക്കമായിരുന്നു. അവരെ സഹായിക്കാനുള്ള ശ്രമം പോലും നടത്താതെയാണ് സർക്കാർ പദ്ധതി ഉപേക്ഷിക്കുന്നത്. പ്രവാസികളിൽ നിന്ന് പണം സമാഹരിച്ച് കിഫ്ബി നടത്താനാണ് സർക്കാരിന് താത്പര്യം.
>
> *എം.എം. ഹസൻ, കെ.പി.സി.സി പ്രസിഡന്റ്*

വ്യാജരേഖ ചമച്ച് സ്ഥാനക്കയറ്റം

മുൻ തഹസിൽദാർ കീഴടങ്ങി

പ്രദീപ്കുമാർ

കൊട്ടാരക്കര: വ്യാജരേഖ ചമച്ച് സ്ഥാനക്കയറ്റം നേടിയ മുൻ തഹസിൽദാർ കൊട്ടാരക്കര താമരക്കുടി മുഴങ്ങോടി പുത്തൻവീട്ടിൽ കെ. പ്രദീപ് കുമാർ ജുഡിഷ്യൻ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് വി. രാജഷൻ നായർ മുമ്പാകെ കീഴടങ്ങി. ഇയാളെ രണ്ട് ദിവസത്തേക്ക് പൊലീസ് കസ്റ്റഡിയിൽ വിട്ടു. കേസിൽ പ്രതി ചേർത്തതോടെ പ്രദീപ് കുമാർ ഹൈക്കോടതിയെയും സുപ്രീം കോടതിയെയും സമീപിച്ചിരുന്നു. കീഴ്ക്കോടതിയിൽ കീഴടങ്ങാനുള്ള സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ വൈകിട്ട് കോടതിയിൽ ഹാജരായത്.

എൻ. ജി.ഒ അസോ. മുൻ സംസ്ഥാന സെക്രട്ടറിയായ പ്രദീപ് ഡെപ്യൂട്ടി തഹസിൽദാരായിരിക്കെ ക്രിമിനൽ ജുഡിഷ്യൽ സർട്ടിഫിക്കറ്റ് വ്യാജമായുണ്ടാക്കി തഹസിൽദാരായി സ്ഥാനക്കയറ്റം നേടിയെന്നാണ് കേസ്. സർവീസ് ബുക്കിൽ വ്യാജ രേഖപ്പെടുത്തൽ നടത്തുകയും ഏറനാട് തഹസിൽദാരായിരുന്ന പി. രാമചന്ദ്രൻ നായരുടെ കള്ള ഒപ്പിട്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യുവെന്ന് അന്വേഷണത്തിൽ കണ്ടെത്തി. തുടർന്ന് പ്രദീപിനെതിരെ ക്രിമിനൽ കുറ്റം രജിസ്റ്റർ ചെയ്യാൻ ലാൻഡ് റവന്യൂ കമ്മിഷണർ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയായിരുന്നു. രണ്ട് ദിവസത്തെ തെളിവെടുപ്പിന് ശേഷം തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കും.

വ്യാജരേഖ ചമയ്ക്കൽ ഇങ്ങനെ

- ഏറനാട് ഡെപ്യൂട്ടി തഹസിൽദാരായിരിക്കെ 2010ലാണ് വ്യാജരേഖ ചമച്ചത്
- വ്യാജരേഖ ചമച്ചത് ക്രിമിനൽ ജുഡിഷ്യൽ പരീക്ഷ പാസായവർക്കേ സ്ഥാനക്കയറ്റം ലഭിക്കുകയുള്ളൂവെന്ന മുൻവിധിയോടെ
- സർവീസ് രേഖകളിൽ ടെസ്റ്റ് പാസായതായി രേഖപ്പെടുത്തിയത് ഏറനാട് തഹസിൽദാർ വി.രാമചന്ദ്രൻ
- 2015 മേയ് 7ന് വിവരങ്ങൾ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷ നൽകി
- താൻ അങ്ങനെയൊരു സർട്ടിഫിക്കറ്റ് സർവീസ് രേഖകളിൽ ചേർത്തിട്ടില്ലെന്ന് ഏറനാട് തഹസിൽദാരുടെ മൊഴി
- അന്വേഷണത്തിൽ വി.രാമചന്ദ്രൻ നായരുടെ ഒപ്പല്ല രേഖകളിലുള്ളതെന്ന് കണ്ടെത്തി

പൊതുമരാമത്ത് വകുപ്പിൽ 13 പേർക്ക് സസ്പെൻഷൻ

തിരുവനന്തപുരം: ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് വിഭാഗം അന്വേഷണത്തിനെത്തിയപ്പോൾ ഓഫീസിൽ ഇല്ലാതിരുന്ന പൊതുമരാമത്ത് വകുപ്പിലെ 12 ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. ഉദ്യോഗസ്ഥരെ വേണ്ടവിധം നിയന്ത്രിക്കാത്തതിന്റെ പേരിൽ എക്സിക്യൂട്ടിവ് എൻജിനിയറും സസ്പെൻഷന് വിധേയനായി.

മലപ്പുറത്ത് കെട്ടിട വിഭാഗം ഡിവിഷൻ ഓഫീസിലെ ക്രമക്കേടുകളെ കുറിച്ച് മാദ്ധ്യമങ്ങളിലടക്കം നിരവധി പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രി ജി. സുധാകരൻ അടിയന്തര അന്വേഷണത്തിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയത്. പരിശോധനയ്ക്ക് ഉദ്യോഗസ്ഥർ എത്തിയപ്പോൾ 12 പേർ ഓഫീസിൽ ഉണ്ടായിരുന്നില്ല. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എക്സിക്യൂട്ടിവ് എൻജിനിയർ ഉൾപ്പെടെ13 പേരെ സർവീസിൽ നിന്ന സസ്പെൻഡ് ചെയ്തത്. ഇത്തരം പരിശോധനകൾ വ്യാപകമാക്കുമെന്ന് മന്ത്രി അറിയിച്ചു.

നേവൽ കേഡറ്റിന്റെ മരണം: ആത്മഹത്യാപ്രേരണയ്ക്ക് കേസെടുക്കും

പയ്യന്നൂർ: ഏഴിമല നാവിക അക്കാഡമിയിലെ കേഡറ്റ് മലപ്പുറം തിരൂർ സ്വദേശി സൂരജ് ഗുഡപ്പ (26) കാമ്പസിലെ കെട്ടിടത്തിനു മുകളിൽ നിന്നു ചാടി മരിച്ച സംഭവത്തിൽ പൊലീസ് ആത്മഹത്യാപ്രേരണക്കുറ്റത്തിന് കേസെടുക്കും. നിരന്തരം പീഡനത്തിനിരയാവുന്നതിൽ മനംനൊന്താണ് ജീവനൊടുക്കുന്നതെന്ന് സൂരജിന്റെ ആത്മഹത്യാക്കുറിപ്പിലുണ്ട്.

പരിശീലകരുടെ ഭാഗത്തുനിന്നുൾപ്പെടെ പീഡനം നേരിടേണ്ടിവന്നതായി വ്യക്തമായ സൂചനകളുണ്ടെന്നിരിക്കെ അന്വേഷണം നടത്തുന്നുണ്ടെന്ന് പയ്യന്നൂർ പൊലീസ് പറഞ്ഞു. ആത്മഹത്യാപ്രേരണയ്ക്ക് ആരുടെയൊക്കെ പേരിൽ കേസെടുക്കണമെന്നത് അന്വേഷണത്തിനൊടുവിൽ തീരുമാനിക്കും.

പ്രധാനമന്ത്രിയെ ഒഴിവാക്കാനുള്ള ഗൂഢാലോചന

തിരുവനന്തപുരം: പ്രധാനമന്ത്രിയുടെ അസൗകര്യം നോക്കി മെട്രോറെയിൽ പദ്ധതി ഉദ്ഘാടനം നിശ്ചയിച്ച പിണറായി സർക്കാരിന്റെ നടപടി രാഷ്ട്രീയ ഗൂഢാലോചനയാണെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ ആരോപിച്ചു.

ഉദ്ഘാടന കർമ്മം നിർവഹിക്കാൻ പ്രധാനമന്ത്രിയെ ക്ഷണിക്കുകയും അദ്ദേഹത്തിന് സൗകര്യപ്രദമായ തിയതി നിശ്ചയിച്ച് അദ്ദേഹത്തെ പങ്കെടുപ്പിക്കുകയാണ് സാമാന്യ മര്യാദയ്ക്ക് സർക്കാർ ചെയ്യേണ്ടിയിരുന്നത്. കേരളീയർക്കാകെ അഭിമാനം നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനത്തിന് പ്രധാനമന്ത്രിയെ ക്ഷണിക്കുമെന്ന് പറയുകയും, അദ്ദേഹത്തിന് സൗകര്യമില്ലാത്ത തിയതി നോക്കി ഉദ്ഘാടനം നിശ്ചയിക്കുകയും ചെയ്തത് പ്രധാനമന്ത്രിയെ ഒഴിവാക്കാനാണ്. ഇതിന്റെ പിന്നിൽ രാഷ്ട്രീയമായ സങ്കുചിത താത്പര്യങ്ങളുണ്ട്.

ബെഹ്റയുടെ ഉത്തരവിലെ സാങ്കേതിക പിഴവ് തെറ്റിദ്ധാരണയുണ്ടാക്കി

■ പെയിന്റടി വിവാദത്തിൽ ഡി.ജി.പി സെൻകുമാറിന്റെ റിപ്പോർട്ട്

തിരുവനന്തപുരം: പൊലീസ് സ്റ്റേഷനുകളിലും പൊലീസ് ഓഫീസുകളിലും ന്യൂസിലാൻഡ് കമ്പനിയുടെ ഒരേനിറത്തിലും ഒരേ ബ്രാൻഡിലുമുള്ള പെയിന്റടിക്കണമെന്ന മുൻ പൊലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ ഉത്തരവിലെ സാങ്കേതികപ്പിഴവാണ് പൊതുജനമദ്ധ്യത്തിൽ തെറ്റിദ്ധാരണയുണ്ടാക്കിയതെന്ന് ഡി.ജി.പി ടി.പി. സെൻകുമാറിന്റെ റിപ്പോർട്ടിൽ പറയുന്നു.

പെയിന്റിന്റെ നിറം സൂചിപ്പിക്കാനുള്ള മാർഗമായാണ് പെയിന്റ് കമ്പനിയുടെ പേര് ബെഹ്റ ഉത്തരവിൽ ഉപയോഗിച്ചത്. പക്ഷേ സ്റ്റോർ പർച്ചേസ് മാനുവലിലെ 4.1 ചട്ടപ്രകാരം ബ്രാൻഡിന്റെ പേര് പരാമർശിക്കേണ്ട അടിയന്തര സാഹചര്യമുണ്ടായാൽ ‘സമാനമായ’ എന്ന പദം പ്രയോഗിക്കേണ്ടിയിരുന്നു. ഈ ചട്ടം ലംഘിക്കപ്പെട്ടതാണ് തെറ്റിദ്ധാരണ സൃഷ്ടിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു.

കഴിഞ്ഞ ഫെബ്രുവരി 15ന് ചേർന്ന കൺസ്ട്രക്ഷൻ റിവ്യൂ യോഗത്തിൽ എല്ലാ സ്റ്റേഷനുകളിലും ഒരേ കളർകോഡ് നടപ്പാക്കാൻ ബെഹ്റ തീരുമാനിച്ചു. ഇതിനായി ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപറേഷൻ എം.ഡിയെ ചുമതലപ്പെടുത്തി. പേരൂർക്കട സ്റ്റേഷനിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ട ശേഷമാണ് കോർപറേഷൻ എം.ഡിയുമായി കൂടിയാലോചിച്ച് സംസ്ഥാനതലത്തിൽ നടപ്പാക്കാൻ ഉത്തരവിറക്കിയത്.

ഒലിവ് ബ്രൗൺ, വെള്ള, ചില്ലി മോണിംഗ് എന്നീ മൂന്ന നിറങ്ങളാണ് സ്റ്റേഷനുകളിലേക്ക് നിർദ്ദേശിച്ചത്. ഒലിവ്ബ്രൗൺ, ചില്ലി മോണിംഗ് എന്നിവയിൽ പല കമ്പനികളുടെ നിറങ്ങൾ തമ്മിൽ വ്യത്യാസമുണ്ടാകാം. ഉപയോഗിക്കേണ്ട നിറത്തെക്കുറിച്ച് കൃത്യമായി ആശയവിനിമയം നടത്താനാണ് മാർഗനിർദ്ദേശങ്ങളും ഉദാഹരണങ്ങളും നൽകിയതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

പൊലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപറേഷന്റെ 5.2 കോടിയുടെ പദ്ധതി വിഹിതത്തിൽ നിന്ന് 1.75 കോടി രൂപയാണ് അഞ്ച് നഗരങ്ങളിലെ മുഴുവൻ പൊലീസ് സ്റ്റേഷനുകൾക്കും 14 ജില്ലകളിലെയും മൂന്നുവീതം സ്റ്റേഷനുകളിലും ഒരേ പെയിന്റടിക്കാൻ നീക്കിവച്ചത്. 44 സ്റ്റേഷനുകളിൽ ഒരേ നിറത്തിലെ പെയിന്റടിച്ചു.

പെയിന്റടിയിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുപ്രവർത്തകനായ പായിച്ചറ നവാസ് ഡി.ജി.പിക്ക് നൽകിയ പരാതിക്കുള്ള മറുപടിയായാണ് ഈ റിപ്പോർട്ട് നൽകിയത്.

മുൻപും സമാനമായ ഉത്തരവ്

പൊലീസ് വാഹനങ്ങൾ വാങ്ങുന്നതിന് 1968ൽ സമാനമായ ഉത്തരവിറക്കിയിട്ടുണ്ടെന്നും സെൻകുമാറിന്റെ റിപ്പോർട്ടിലുണ്ട്.

നീല, കറുപ്പ് നിറങ്ങളുടെ കോമ്പിനേഷനായി കമ്പനിയുടെ പേര് ഉപയോഗിച്ചിട്ടുണ്ട്. ഡ്യൂലക്സ് ബ്ലൂ (28-113) ഡ്യൂലക്സ് ബ്ലാക്ക് (28-112) എന്നിങ്ങനെ നിറം മനസിലാക്കാനുള്ള മാർഗനിർദ്ദേശമായിട്ടാണ് പർച്ചേസ് നിയമങ്ങൾക്ക് വിധേയമായി അന്ന് കമ്പനിയുടെ പേര് ഉപയോഗിച്ചത്.

കോട്ടയത്ത് വീണ്ടും മാണിക്ക് സിന്ദൂരമാല



▸വി.ജയകുമാർ

കോട്ടയം: ജില്ലാപഞ്ചായത്തിൽ മാണി ഗ്രൂപ്പിന് വീണ്ടും സി.പി.എം പിന്തുണ. കോൺഗ്രസ് സ്ഥാനാർത്ഥിയെ തോല്പിച്ച് ജില്ലാ പഞ്ചായത്ത് വികസനസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനം മാണി ഗ്രൂപ്പ് പിടിച്ചെടുത്തു.

പി.ജെ. ജോസഫിനൊപ്പം നിൽക്കുന്ന സെബാസ്റ്റ്യൻ കുളത്തുങ്കലിനെ മത്സരരംഗത്തിറക്കി സി.പി.എം ബാന്ധവത്തെ എതിർക്കുന്ന ജോസഫിനെ വെട്ടിലാക്കാനും മാണി ഗ്രൂപ്പിനു കഴിഞ്ഞു. 22 അംഗ ജില്ലാ പഞ്ചായത്തിൽ എട്ട് അംഗങ്ങളാണ് കോൺഗ്രസിനുള്ളത്. സി.പി.എമ്മിനും കേരള കോൺഗ്രസിനും ആറ് വീതവും. സി.പി.ഐക്കും പി.സി. ജോർജിന്റെ ജനപക്ഷത്തിനും ഓരോ അംഗങ്ങളുമാണുള്ളത്.

സി.പി.എമ്മിന്റെയും മാണി ഗ്രൂപ്പിന്റെയും ആറുവീതം അംഗങ്ങൾ ഒന്നിച്ചപ്പോൾ സി.പി.ഐ അംഗവും പി.സി. ജോർജ് ജനപക്ഷ അംഗവും പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ നിലപാട് ആവർത്തിച്ച് വിട്ടുനിന്നു. സെബാസ്റ്റ്യന് 12 വോട്ടും കോൺഗ്രസിലെ ലിസമ്മ ബേബിക്ക് എട്ട് വോട്ടും ലഭിച്ചു.

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായിരുന്ന സഖറിയാസ് കുതിരവേലി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയതോടെ ഉണ്ടായ ഒഴിവിലേക്കായിരുന്നു തിരഞ്ഞെടുപ്പ്. മാണി ഗ്രൂപ്പ്-കോൺഗ്രസ് മുൻധാരണ പ്രകാരം ഈ സീറ്റ് മാണി ഗ്രൂപ്പിന് അവകാശപ്പെട്ടതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ധാരണകൾ തെറ്റിച്ചതിനാൽ പിന്തുണയ്ക്കേണ്ടതില്ല എന്ന തീരുമാനത്തിലാണ് കോൺഗ്രസ് ലിസമ്മ ബേബിയെ സ്ഥാനാർത്ഥിയാക്കിയത്. മത്സരമുണ്ടായാൽ പിന്തുണ ആവശ്യപ്പെട്ട് മാണി ഗ്രൂപ്പ് സി.പി.എം നേതൃത്വത്തെ സമീപിച്ചിരുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ ‘അവിഹിത ബന്ധം’ വിവാദമായതോടെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ മാണി ഗ്രൂപ്പ് കോൺഗ്രസിനെ പിന്തുണച്ചിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിൽ ഇന്നലെ വീണ്ടും മാണി ഗ്രൂപ്പ് കളം മാറ്റി ചവുട്ടി.

കുറ്റപ്പെടുത്തി ഇരുപക്ഷവും

ധാരണകൾ ലംഘിച്ച് കോൺഗ്രസ് മത്സരിച്ചത് വഞ്ചനയാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലി ആരോപിച്ചു. മാണി ഗ്രൂപ്പ് വീണ്ടും സി.പി.എമ്മിന്റെ സഹായം തേടിയത് ആസൂത്രിതവും മുൻ ധാരണ പ്രകാരവുമായിരുന്നെന്ന് ഡി.സി.സി പ്രസിഡന്റ് ജോഷി ഫിലിപ്പ് കുറ്റപ്പെടുത്തി.

പറക്കുംതളികയിൽ ബിജു പറന്നുപോയി; പൊടിപോലുമില്ല കണ്ടുപിടിക്കാൻ

▸എം.എച്ച്.വിഷ്ണു

ബിജു

പറക്കുംതളിക ബൈജു

തിരുവനന്തപുരം: കോടതിയിൽ കൊണ്ടുപോകുന്നതിനിടെ പൊലീസിനെ വെട്ടിച്ച് കൂട്ടുകാരന്റെ ബൈക്കിൽ കടന്നുകളഞ്ഞ കൊടുംകുറ്റവാളി എറണാകുളം ബിജുവിനെ (നാദിർഖാൻ-30) 24 ദിവസം കഴിഞ്ഞിട്ടും കണ്ടെത്താനായില്ല.

ഇന്ദ്രജാല പ്രകടനം പോലെ കഴിഞ്ഞ ഏപ്രിൽ27നാണ് ബിജു രണ്ട് പൊലീസുകാരെ വെട്ടിച്ച് രക്ഷപ്പെട്ടത്. നെയ്യാറ്റിൻകര മജിസ്ട്രേട്ട് കോടതിയിൽവിചാരണയ്ക്കെത്തിച്ച് മടങ്ങുംവഴി, മാലപൊട്ടിക്കൽ സ്പെഷ്യലിസ്റ്റ് ‘പറക്കുംതളിക ബൈജു’ ബൈക്കുമായെത്തി ബിജുവുമായി പറപറന്നു.

റൂറൽ എസ്.പി പി. അശോക്കുമാറിന്റെ നേതൃത്വത്തിൽ മൂന്ന് ഡിവൈ.എസ്.പിമാരും ഷാഡോ സംഘങ്ങളുമെല്ലാം ബിജുവിനു പിന്നാലെ ഓടിത്തളർന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ലുക്കൗട്ട് നോട്ടീസിറക്കുകയും എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ജാഗ്രത പ്രഖ്യാപിക്കുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ പൊലീസുകാർക്കും കരുതൽ നിർദ്ദേശം നൽകി. പക്ഷേ ബിജുവിന്റെ പൊടിപോലുമില്ല കണ്ടുപിടിക്കാൻ.

കൊലപാതകശ്രമവും പീഡനവുമടക്കം 110 കേസുകളിൽ പ്രതിയായ കൊടുംകുറ്റവാളിയെ വിലങ്ങുപോലും അണിയിക്കാതെ കെ.എസ്.ആർ.ടി.സി ബസിൽ കൊണ്ടുപോയ പൊലീസിന്റെ അശ്രദ്ധ ബിജുവും ബൈജുവും മുൻപേ തിരിച്ചറിഞ്ഞ് പദ്ധതിയിട്ട രക്ഷപ്പെടലാണ് നടന്നത്. കോടതിയിലേക്കുള്ള യാത്രയ്ക്കിടെ മൂന്നുവട്ടം രക്ഷപ്പെട്ട ചരിത്രമുള്ള ബിജു ഒരുകൈയിൽ അലങ്കാരമെന്നപോലെയിട്ട വിലങ്ങുമായി നെയ്യാറ്റിൻകര ആലുമൂട് ജംഗ്ഷനിൽ വച്ച് ബൈജുവിന്റെ ബൈക്കിനു പിന്നിലേക്ക് പറന്നുകയറി പാഞ്ഞതിന് നാല് സെക്കൻഡ് മാത്രമാണെടുത്തത്.

എല്ലാ ജില്ലകളിലും തെരഞ്ഞിട്ടും ഫലമില്ലാതായപ്പോൾ പൊലീസ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കാൻ കേന്ദ്രത്തെ സമീപിച്ചു. ഇന്റലിജൻസ് മേധാവി ഡൽഹിയിലേക്കയച്ച ശുപാർശ ആഭ്യന്തര മന്ത്രാലയത്തിലെ സെക്ഷനുകൾ കയറിയിറങ്ങി ഉത്തരവായപ്പോൾ ഒരാഴ്ച കഴിഞ്ഞു. ഇതിനിടെ ബിജു രാജ്യംവിട്ടിരിക്കാമെന്നാണ് പൊലീസിന്റെ നിഗമനം. വിമാനത്താവളങ്ങളിലെയും തുറമുഖങ്ങളിലെയും എമിഗ്രേഷൻ വിഭാഗത്തിന് കേന്ദ്രം വിവരം കൈമാറിയിട്ടും ഫലമുണ്ടായില്ല.

ഡിവൈ.എസ്.പിമാരായ ബി. സുരേഷ്കുമാർ, ഇ.എസ്. ബിജിമോൻ, ബി. ഹരികുമാർ എന്നിവരാണ് ബിജുവിനായി വലവിരിച്ചിട്ടുള്ളത്. പ്രസവശേഷം വെള്ളായണിയിലെ വീട്ടിലുള്ള ഭാര്യ നാദിറയെ കാണാൻ ബിജു എത്തുമെന്ന് പ്രതീക്ഷിച്ച് പൊലീസ് ഉറക്കമൊഴിച്ചതും വെറുതേയായി.

സൈബർസെല്ലിനെ വെട്ടിക്കാൻ കൂട്ടുകാരെയോ ബന്ധുക്കളെയോ ഫോണിൽ വിളിക്കാതെ ബിജു കരുതലെടുത്തതോടെ ആ വഴിയും അടഞ്ഞു. ഡ്യൂട്ടിയിൽ വീഴ്ചവരുത്തിയ എ.ആർ ക്യാമ്പിലെ രണ്ട് പൊലീസുകാരെ സസ്പെൻഡ് ചെയ്തതിലൊതുങ്ങി തിരുത്തൽ നടപടികൾ.

> “വ്യാജപേരിൽ ബിജു പാസ്പോർട്ട് നേടിയതായി വിവരമുണ്ട്. ലുക്കൗട്ട് നോട്ടീസിറക്കുന്നതിന് മുൻപ് ഇതുപയോഗിച്ച് രാജ്യംവിട്ടതായി സംശയിക്കണം. ഒന്നിനും മടിക്കുന്നവനല്ല ബിജുവെന്നതിനാൽ വലിയ മോഷണപദ്ധതികൾ ആസൂത്രണം ചെയ്തതായും സംശയിക്കണം
>
> *പി. അശോക്കുമാർ*
> *റൂറൽ എസ്.പി, തിരുവനന്തപുരം*

കൊലയും പീഡനവും ബിജുവിന് കുട്ടിക്കളി

- നീണ്ട വടിവാൾ ബാഗ് മുതുകിൽ ധരിച്ച് ആരെയും വിറപ്പിക്കുന്ന രൂപം
- 2008ൽ കാട്ടാക്കടയിലെ ജയകുമാറിനെ വെട്ടിക്കൊലപ്പെടുത്തി
- മോഷ്ടിച്ചെടുത്ത ബൈക്കിൽ കറങ്ങി സ്ത്രീകളെ ആക്രമിച്ച് മാല കവരും
- കൊല്ലം, മൂവാറ്റുപുഴ, പൂയപ്പള്ളി എന്നിവിടങ്ങളിൽ ഒമ്പത് പേരെ കൊല്ലാൻ ശ്രമിച്ചു
- വെഞ്ഞാറമൂട്, തിരുവല്ലം, കാട്ടാക്കട, കൊല്ലം വൻ കവർച്ചാക്കേസ് പ്രതി
- കോഴിവ്യാപാരി അഗസ്റ്റിനെ തലയ്ക്കടിച്ച് വീഴ്ത്തിയത് 2.25 ലക്ഷം രൂപയ്ക്കായി
- തമിഴ്നാട്ടിലെ വിവിധ കോടതികളിൽ 40 വാറണ്ടുകൾ
- 200 മാലമോഷണം, ബൈക്ക് മോഷണം കേസുകൾ
- ഏതു വീടും അനായാസം കുത്തിത്തുറന്ന് മോഷണം നടത്താൻ വിദഗ്ദ്ധൻ

വ്യത്യസ്തനായ ബിജു

കാട്ടാക്കട സ്വദേശി ബിജുവിന്റെ ആക്രമണത്തിൽ നിന്ന് രക്ഷയ്ക്കായി അടൂരിൽ നാട്ടുകാർ ജാഗ്രതാസമിതികൾ രൂപീകരിച്ചിരുന്നു. 2008ൽ മതംമാറി നാദിർഖാൻ എന്നപേര് സ്വീകരിച്ചു. തമിഴ്നാട്ടിലെ കൊള്ളസംഘങ്ങളുമായി ഉറ്റബന്ധം.

കരാറുകാർ 23 ന് മാർച്ച് നടത്തും

കൊച്ചി: ചെറുകിട കരാറുകാരെ സർക്കാർ തകർക്കുകയും വൻകിടക്കാരെ സംരക്ഷിക്കുകയും ചെയ്യുന്നതായി ആരോപിച്ച് ആൾ കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ 23 ന് നിയമസഭ മാർച്ച് നടത്തുമെന്ന് സംസ്ഥാന സെക്രട്ടറി ജോജി ജോസഫ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

കുടിശിക അടിയന്തരമായി അനുവദിക്കുക, ജി.എസ്.ടി നടപ്പാക്കുമ്പോൾ കരാറുകാരുടെ കോമ്പൗണ്ടിംഗ് നിലനിറുത്തുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ചാണ് മാർച്ച്.

മണിയുടെ ആൾക്കാർ വധഭീഷണി മുഴക്കി: ഗോമതി

കോഴിക്കോട്: മന്ത്രി എം.എം.മണിക്കെതിരെ സമരം ചെയ്തതിന്റെ പേരിൽ മണിയുടെ ആളുകൾ വീട്ടിലെത്തി വധഭീഷണി മുഴക്കിയതായി പെമ്പിളെ ഒരുമൈ നേതാവ് ഗോമതി വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

പരാതി നൽകിയിട്ടും കേസെടുക്കാൻ പൊലീസ് തയ്യാറായില്ല. മന്ത്രി മണി പെമ്പിളെ ഒരുമൈ പ്രവർത്തകരോട് മാപ്പ് പറയണമെന്നും, മന്ത്രി സ്ഥാനം രാജി വയ്ക്കണമെന്നുമുള്ള ആവശ്യത്തിൽ ഉറച്ച് നിൽക്കുന്നു. ഭൂമി നേടിയെടുക്കാൻ ജൂലായ് ഒമ്പത് മുതൽ ശക്തമായ സമരം ആരംഭിക്കും. ഒരേക്കർ ഭൂമിയും 600 രൂപ വേതനവും ആവശ്യപ്പെട്ടാണ് സമരം.

മൂന്നാറിൽ സർക്കാർ ഭൂമി കൈയേറിയത് 154 പേർ

■ മന്ത്രി എം.എം. മണിയുടെ സഹോദരന്റെ മകനും പട്ടികയിൽ

തിരുവനന്തപുരം: മൂന്നാറിൽ സർക്കാർ ഭൂമി കൈയേറിയ 154 പേരുടെ പട്ടിക തയ്യാറാക്കിയതായി മന്ത്രി ഇ. ചന്ദ്രശേഖരൻ നിയമസഭയിൽ പറഞ്ഞു. ഇതിൽ 37 പേർ വൻകിട കൈയേറ്റക്കാരാണ്. മന്ത്രി എം.എം. മണിയുടെ സഹോദരനായ ലംബോധരന്റെ മകൻ ലിഗ്നേഷും പട്ടികയിലുണ്ട്.

കെ.ഡി.എച്ച്, മറയൂർ, ആനവിരട്ടി, കുഞ്ചിത്തണ്ണി, പള്ളിവാസൽ, മാൻകുളം, കേഴന്നൂർ, ചിന്നക്കനാൽ, ബൈസൺവാലി, ശാന്തൻപാറ, പാറത്തോട്, ചതുരംഗപ്പ്, പൂപ്പാറ ബ്ളോക്ക്, മന്നാംകണ്ട എന്നിവിടങ്ങളിലാണ് കൈയേറ്റം. കൂടുതലും പത്തുസെന്റിന് താഴെയുള്ളവരാണ്. കെ.എസ്.ഇ.ബി, റവന്യൂ, വനം വകുപ്പുകളുടെ ഭൂമിയാണ് കൈയേറിയിരിക്കുന്നത്.

അണക്കെട്ടുകളിലെ മണൽ വാരും

തിരുവനന്തപുരം: സംസ്ഥാനത്ത് നിയമപരമായി മണൽ കൊണ്ടുവരുന്ന വാഹനങ്ങൾക്ക് ഒരു തരത്തിലും തടസമുണ്ടാക്കരുതെന്ന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകുമെന്ന് മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി എ.കെ. ബാലൻ നിയമസഭയിൽ പറഞ്ഞു. മണൽ ക്ഷാമം പരിഹരിക്കാനായി അണക്കെട്ടുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന മണൽ വാരി നിർമ്മാണ ആവശ്യത്തിന് ഉപയോഗിക്കുന്നത് പരിഗണനയിലാണെന്നും സി. കൃഷ്ണന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി അറിയിച്ചു.

രാമന്തളി ബിജു വധക്കേസ്: 2 പ്രതികൾ കൂടി അറസ്റ്റിൽ

പയ്യന്നൂർ: ആർ.എസ്.എസ് രാമന്തളി മണ്ഡലം കാര്യവാഹ് കക്കംപാറയിലെ ചൂരക്കാട്ട് ബിജുവിനെ (34) വെട്ടിക്കൊലപ്പെടുത്തിയ കേസിൽ രണ്ടു സി.പി.എം പ്രവർത്തകർ കൂടി അറസ്റ്റിലായി.

കുന്നരുവിലെ പി. സത്യൻ (32), കക്കംപാറയിലെ വി. ജിതിൻ (32) എന്നിവരെയാണ് വ്യാഴാഴ്ച രാത്രി പതിനൊന്നരയോടെ പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ വച്ച് സർക്കിൾ ഇൻസ്പെക്ടർ എം.പി. ആസാദിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.

രാത്രി വെസ്റ്റ് കോസ്റ്റ് എക്സ്പ്രസ് ട്രെയിനിൽ ചെന്നൈയിലേക്ക് പോകാനുള്ള ശ്രമത്തിനിടയിലാണ് ഇരുവരും പിടിയിലായത്. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം നാലായി. സി.പി.എം പ്രവർത്തകരായ കക്കംപാറയിലെ എൻ.പി. റിനീഷ് (28), രാമന്തളി പരത്തിക്കാട്ടെ കെ.വി. ജ്യോതിഷ് (26) എന്നിവരെയാണ് നേരത്തേ സി.ഐ പി.കെ. സുധാകരൻ അറസ്റ്റ് ചെയ്തത്.

ഇവർ റിമാൻഡിലാണ്. ഇനി മൂന്നു പ്രതികളെ കൂടി കിട്ടാനുണ്ട്.

കഴിഞ്ഞ 12 ന് വൈകിട്ട് മൂന്നരയോടെ സുഹൃത്ത് പണ്ടാരവളപ്പിൽ രാജേഷിനൊപ്പം ബൈക്കിൽ വീട്ടിലേക്ക് പോകവെയാണ് ബിജുവിനെ ആക്രമിച്ച് കൊലപ്പെടുത്തിയത്.